# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA 12/781/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ( എയിംസിൽ)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട (ഇമെയിൽ)
ഓഫീസ് കോപ്പി

നമ്പർ: KSAPTA 12/781/2023 തീയ്യതി: 16/10/2023

## പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 22-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-06-2023 | 01-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-06-2023 | 01-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എ സജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി സൂര്യപ്രഭ പിസി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേഖ അനിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ഹർഷൻ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റീജ ആർ എസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 21-12-2022 |
| ശ്രീമതി ബീന ഫിലിപ്പ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 22-12-2022 | 04-02-2023 |
| ശ്രീ പ്രിയകുമാർ പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 05-02-2023 | 31-03-2023 |
| ഡോ.ശ്രീകല കെ എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. തുമ്പമൺ | 01-04-2022 | 31-03-2023 |
| ഡോ.അഖില രാജ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വല്ലന | 01-04-2022 | 31-03-2023 |
| ശ്രീമതി സുമയ്യ എസ് | സിഡിപിഒ, പന്തളം 2 | 01-04-2022 | 31-03-2023 |
| കുമാരി സിന്ധു ആർ | സിഡിപിഒ, പന്തളം | 01-04-2022 | 08-02-2023 |
| ശ്രീമതി സുമയ്യ എസ് | സിഡിപിഒ, പന്തളം (ചാർജ്ജ്) | 09-02-2023 | 31-03-2023 |
| ശ്രീമതി സുനിതാബീഗം ഇ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ, പന്തളം | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീകല എസ് | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ, കുളനട | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന എസ് പി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു വി എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW | 01-04-2022 | 07-05-2022 |
| ശ്രീ ഗിരീഷ് വി ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW | 07-05-2022 | 31-03-2023 |
| ശ്രീമതി ശ്രീജ കഞ്ഞമ്മ സി ഒ | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW | 01-04-2022 | 31-03-2023 |
| ശ്രീ ജയപ്രസാദ് കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ഇൻകം ടാക്സ്, ജി.എസ്.ടി തുകകൾ ഒടുക്കിയില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾ - കൃത്യമായ വിവരം ലഭ്യമല്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ കൃത്യമല്ല | 1-1-5 |
| 7 | സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ട് | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ക്യാഷ് പരിശോധന | 1-6 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 14 | രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-8 |
| 15 | സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ - പ്രോജക്ട് ലക്ഷ്യം കണ്ടില്ല | 1-9 |
| 16 | വാഹനങ്ങളുടെ ഇന്ധന ക്ഷമതാ പരിശോധന നടത്തുന്നില്ല | 1-10 |
| 17 | സംയുക്ത പ്രോജക്ടുകൾ - മോണിറ്ററിംഗ് ഇല്ല | 1-11 |
| 18 | സെക്രട്ടറിയുടെ പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നത് | 1-12 |
| 19 | പിഎംഎവൈ - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-13 |
| 20 | തുല്യതാ പഠനം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 1-14 |
| 21 | ആരോഗ്യ ഗ്രാന്റുപയോഗിച്ച് വാങ്ങിയ കമ്പ്യൂട്ടറുകൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല | 1-15 |
| 22 | പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 23 | പ്രോജക്ട് നടത്തിപ്പിനു കൈമാറിയ വിഹിതത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-17 |
| 24 | പദ്ധതി നിർവ്വഹണം - വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല | 1-18 |
| 25 | നിർമ്മാണം പൂർത്തീകരിച്ച ടോയ്‌ലറ്റ് കോംപ്ലക്സുകൾ ഉപയോഗക്ഷമമാക്കിയിട്ടില്ല | 1-19 |
| 26 | നിർമ്മാണം പൂർത്തീകരിച്ചിട്ട് ഒരു വർഷം- ജൈവ മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല | 1-20 |

| | | |
|---|---|---|
| 27 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നുള്ള റിക്കവറി തുകകൾ ഒടുക്കിയിട്ടില്ല | 1-21 |
| 28 | ടെണ്ടർ ഫീസ്- ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുക കൈമാറിയിട്ടില്ല | 1-22 |
| 29 | ആശുപത്രി മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.06.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 21.06.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
16/10/2023 — ജില്ലാ ഓഡിറ്റ് കാര്യാലയം

## 1-1-1 നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-4: Grants & Contribution For Specific Purposes- വിവിധ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൌണ്ട് ഹെഡ് | തുക | |
|---|---|---|
| | B-4 ഷെഡ്യൂൾ (₹) | ബാങ്ക് (₹) |
| ഇന്ദിര ആവാസ് യോജന | 3915681 | 4955253 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 16758 | 825590 |
| ടോട്ടൽ സാനിറ്റേഷൻ | 287070 | 825590 |

| | | |
|---|---|---|
| നിർമ്മൽ പുരസ്കാരം | 237246 | 411773 |

## 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി-7: Deposit Received-ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 1-1-3 ഇൻകം ടാക്സ്, ജി.എസ്.ടി തുകകൾ ഒടുക്കിയില്ല

ഷെഡ്യൂൾ ബി-9: Other Liabilities- ഇൻകം ടാക്സ്, ജി.എസ്.ടി തുകകൾ ഒടുക്കിയില്ല. തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഇല്ല.

## 1-1-4 നിക്ഷേപ പ്രവൃത്തികൾ - കൃത്യമായ വിവരം ലഭ്യമല്ല

ഷെഡ്യൂൾ ബി-18: Loans, Advances, Deposits- നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല. അതിനാൽ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-5 അഡ്വാൻസ് രജിസ്റ്റർ കൃത്യമല്ല

ഷെഡ്യൂൾ ബി-18: Temporary Advance For Official Purpose, Advance To Implementing Officers ഇനങ്ങളിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകളില്ല.

## 1-1-6 സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ട്

Schedule I-6: Contribution Towards Joint Venture Projects- തെറ്റായ തുക വരവായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, 25.03.2022 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2022-23ൽ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് പരിഷ്കരിച്ച് അംഗീകാരം വാങ്ങുകയുണ്ടായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20642415 |
| വരവ് | 68846288 |
| ആകെ | 89488703 |
| ചെലവ് | 80427229 |
| നീക്കിയിരിപ്പ് | 9061474 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18527210 | 18527210 | 16569118 | 1958092 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 21365668 | 21365668 | 17997334 | 3368334 |
| വികസന ഫണ്ട്- | 0 | 14600 | 14600 | 0 | 14600 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)* | 699470 | 4337000 | 5036470 | 4265165 | 771305 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)* | 260668 | 2908425 | 3169093 | 2580234 | 588859 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | | 5618678 | 5618678 | 5136264 | 482414 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് * | -- | 2550000 | 2550000 | 1321898 | 1228102 |

(*)പലിശ ഇനത്തിലുള്ള വരവ്, ബാങ്ക് ചാർജ് എന്നിവ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച രേഖകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. പി.എഫ്.എം.എസ്. സബ്സിഡിയറി ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് കണക്കുകൾ സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഫണ്ട് അലോട്ട്മെന്റ് ഉത്തരവുകൾ, സുലേഖ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പ്, വരവ്. ചെലവ് കണക്കുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിവിധ ഗ്രാന്റിനങ്ങളിലുള്ള വരവ്/വിനിയോഗ വിവരങ്ങൾ ആധികാരികമായ രീതിയിൽ ക്രോഡീകരിച്ച പത്രിക ലഭ്യമാക്കിയിട്ടില്ല. ഈ നിരീക്ഷണത്തിന് വിധേയമായി മാത്രമാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 120 | 98133697 | 109 | 50822826 | 11 | 90.83 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 8 | 8 | 3025000 | 2725550 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 46 | 40 | 59752654 | 21814717 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 17 | 17 | 6382733 | 5795777 |
| 4 | പട്ടികജാതി വികസന ഓഫീസർ | 2 | 2 | 3030000 | 2655000 |
| 5 | വ്യവസായ വികസന ഓഫീസർ | 1 | 1 | 300000 | 300000 |
| 6 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 6 | 6 | 3004000 | 2658639 |
| 7 | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 13 | 12 | 6506668 | 2581770 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 24 | 23 | 11927244 | 9373641 |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 3 | 4205398 | 2917732 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 120 | 109 | 98133697 | 50822826 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2023ന് 10.50 AMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുക ഇല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.03.2019 | 2018-19 | 10.04.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2016 | 2015-16 | 06.02.2017 |

## 1-8 രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ 01.04.2022 മുതൽ 31.05.2023 വരെയുള്ള രസീതുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സാംഖ്യ രസീതുകൾ - കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ പാലിച്ചില്ല

കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 01.04.2011ൽ നിലവിൽവന്നിട്ടുണ്ട്.

അക്കൌണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ, പഞ്ചായത്തിൽ ലഭിക്കുന്ന തുകകൾക്ക് കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകേണ്ടതും, അതിനായി സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതുമാണെന്ന് ചട്ടം 20 (ഡി) നിഷ്കർഷിക്കുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ സാംഖ്യ രസീതുകളുടെ കൌണ്ടർ ഫോയിൽ പരിശോധിച്ചതിൽ, അവ പ്രിന്റ് ചെയ്യുന്നതിനു പകരം പേന ഉപയോഗിച്ച് എഴുതി രസീത് നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ബ്ലോക്ക് പഞ്ചായത്തിലെ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. അതിനാൽ മാനുവൽ രസീതു ബുക്കുകളും സാംഖ്യ സ്റ്റേഷനറിയും ലഭിച്ചതിന്റെയും ഉപയോഗിച്ചതിന്റെയും നാളിതുവരെയുള്ള കണക്കുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാൻ സാധിച്ചില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വന്തമായി രസീത് പ്രിന്റ് ചെയ്ത് ഉപയോഗിച്ചു

കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബ്ലോക്ക് പഞ്ചായത്തിൽനിന്നുള്ള നിയമാനുസൃത രസീത് ഉപയോഗിക്കാതെ സ്വയം തയ്യാറാക്കിയ രസീത് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം പിരിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അഞ്ച് കാർഷിക സ്വയംസഹായ ഗ്രൂപ്പുകളിൽനിന്ന് 500രൂപവീതം ഗുണഭോക്തൃവിഹിതം ശേഖരിക്കുന്നതിനാണ് ഇപ്രകാരം പ്രത്യേകം രസീത് തയ്യാറാക്കിയത്. ഈയിനത്തിൽ 30000രൂപ പിരിച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് തന്റെ ഓഫീസിൽ രസീത് ബുക്കില്ലെന്നും അതിനാൽ ഗുണഭോക്തൃവിഹിതം ബ്ലോക്ക് പഞ്ചായത്തിൽത്തന്നെ സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 19.01.2023ൽ ബ്ലോക്ക് പഞ്ചായത്തിനു കത്തു നൽകിയിരുന്നു. എന്നാൽ ഈ ആവശ്യം അംഗീകരിക്കപ്പെട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനുവേണ്ടിയുള്ള രസീതു ബുക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ സെക്രട്ടറി അച്ചടിപ്പിച്ച് നൽകേണ്ടതാണെന്ന് ചട്ടം 20(2) ബി യിൽ നിർദ്ദേശമുള്ളതാണ്. കൂടാതെ, കൈയെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണമെന്ന് ചട്ടം20(2) സി യിലും പറഞ്ഞിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ രസീതുബുക്കുകൾ ലഭ്യമല്ലാതിരുന്നപക്ഷം ഗ്രാമലക്ഷ്മി മുദ്രണാലയത്തിൽനിന്ന് ആവശ്യമായ രസീതുബുക്കുകൾ വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥനു ലഭ്യമാക്കാതിരുന്നത് അക്കൌണ്ടിംഗ് ചട്ടങ്ങളുടെ ലംഘനമാണ്.

3. ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച തുക പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗുണഭോക്തൃവിഹിതം ഇനത്തിൽ തൻവർഷം 30000രൂപ പിരിക്കുകയും അത്രയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും 9000രൂപ മാത്രമാണ് ഈയിനത്തിലുള്ള വരവായി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

രസീത് മുഖേനയുള്ള പണം പിരിലെയും അക്കൌണ്ടിംഗിലെയും അപാകതകൾ 30.06.2023ൽ ഓഡിറ്റ് എൻക്വയറി

(നം.16) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രണാലയത്തിൽനിന്ന് രസീത് ബുക്കുകൾ വാങ്ങുന്നതാണെന്നും, മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈ വിഷയം വകുപ്പുതലത്തിൽ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-9 സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ - പ്രോജക്ട് ലക്ഷ്യം കണ്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.31/2023 " സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ" പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽനിന്ന് 145200രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അഞ്ച് സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇവ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിനു പി.റ്റി.എ യുമായി കരാർ വയ്ക്കണമെന്നും, മെഷീൻ നൽകുന്ന കമ്പനികളുമായി എഎംസി ഉണ്ടായിരിക്കണമെന്നും, തുടർന്നുള്ള വർഷങ്ങളിൽ മെഷീന്റെ മെയിന്റനൻസ്, പി.റ്റി.എ ഏറ്റെടുക്കണമെന്നും പതിനാലാം പദ്ധതിയിലെ സബ്സിഡി മാർഗ്ഗരേഖയിൽ [ ജി.ഒ.(എം.എസ്.) നം.115/2022 /തസ്വഭവ തീയതി 28.05.2022] സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

വൈദ്യുത കണക്ഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തി ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചതായി പ്രഥമാദ്ധ്യാപകർ /പ്രിൻസിപ്പൽമാർ നൽകിയ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഇതിനെത്തുടർന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ, നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിച്ച വല്ലന ഗവ.എസ്.എൻ.ഡി.പി.യു.പി.എസിൽ ട്രയൽ റൺ മാത്രമേ നടന്നിട്ടുള്ളു എന്നും, പെരുമ്പുളിക്കൽ എസ്.ആർ.വി.യു.പി.എസ് ൽ പ്രസ്തുത ഉപകരണത്തിനു വൈദ്യുത കണക്ഷൻ നൽകിയിട്ടില്ലെന്നും, കുളനട PHSS ൽ നാപ്കിൻ ഡിസ്ട്രോയർ പ്രവർത്തിപ്പിക്കാൻ അറിയാവുന്ന ജീവനക്കാരില്ലെന്നും ഉമ്പമൺ എം.ജി.എച്ച്.എസ്.എസ് ലും മെഴുവേലി പി.എച്ച്.എസ്.എസ് ലും ഇത് പ്രവർത്തനക്ഷമമല്ലായെന്നും, അതത് സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ / പ്രിൻസിപ്പൽമാർ അറിയിച്ചു. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക നിഷ്ഫലമായെന്ന് നിരീക്ഷിക്കുന്നു. ഈ വിഷയം ഓഡിറ്റ് എൻക്വയറി (07/26.03.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. നാപ്കിൻ ഡിസ്ട്രോയറുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

പെൺകുട്ടികളിൽ ശുചിത്വബോധം ഉളവാക്കുന്നതിനും അതിലൂടെ അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുമായി ആവിഷ്കരിക്കപ്പെട്ട പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം കൈവരിച്ചിട്ടില്ല. നാപ്കിൻ ഡിസ്ട്രോയറുകൾ സ്ഥാപിച്ച് ഒരു വർഷം വരെയാണ് ഇവയ്ക്ക് വാറന്റി ലഭിക്കുന്നതെന്ന് 30.01.2023ലെ കരാർ രേഖകൾ വ്യക്തമാക്കുന്നു. അതിനാൽ വാറന്റി ആനുകൂല്യം നഷ്ടപ്പെടുത്താതെ ഇവ പ്രവർത്തന സജ്ജമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം പി.റ്റി.എ യുമായി കരാർ വയ്ക്കുന്നതിനും, കെ.എസ്.ഐ.ഇയുമായി എഎംസിയിൽ ഏർപ്പെടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 വാഹനങ്ങളുടെ ഇന്ധന ക്ഷമതാ പരിശോധന നടത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾക്ക് വാർഷിക ഇന്ധനക്ഷമതാ പരിശോധന നടത്തുന്നില്ല. അതിനാൽ ഇന്ധന ഉപഭോഗത്തിലെ കൃത്യത വിലയിരുത്താനാകുന്നില്ല. നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സി.എച്ച്.സിയുടെ പേര് | വാഹനത്തിന്റെ വിവരം |
|---|---|
| സി.എച്ച്.സി. വല്ലന | KL01T – 8631 |
| | KL26A – 9444 |
| | KL03AF – 8115 |
| സി.എച്ച്.സി. ഉമ്പമൺ | KL26A – 9599 |
| | KL03AF – 8189 |
| | KL01S - 8417 |

05.05.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.582175/ PWD പ്രകാരം വാഹനങ്ങൾക്ക് വാർഷിക ഇന്ധന പരിശോധന നിർബന്ധമായും നടത്തേണ്ടതും ആയതു പ്രകാരമുള്ള ഇന്ധന ഉപഭോഗം വാഹനത്തിന്റെ നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതുമാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 സംയുക്ത പ്രോജക്ടുകൾ - മോണിറ്ററിംഗ് ഇല്ല

സംയുക്ത പ്രോജക്ടുകളുടെ ഭാഗമായി വിവിധ ഗ്രാമപ്പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ടുളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. അതിനാൽ വിഹിതം കൈപ്പറ്റിയ സ്ഥാപനം അത് ചെലവഴിച്ചിട്ടുണ്ടോ എന്നും അധികം തുക അവശേഷിക്കുന്നുണ്ടോ എന്നും പരിശോധിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്.

ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ച, ചുവടെ പറയുന്ന സംയുക്ത പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങളാണ് ലഭ്യമല്ലാത്തത്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | കൈപ്പറ്റിയ തുക |
|---|---|---|---|
| 162/2023 | അതിദാരിദ്ര്യ നിർമ്മാർജ്ജനം | കുളനട ഗ്രാമപ്പഞ്ചായത്ത് | 50000 |
| | | മെഴുവേലി ഗ്രാമപ്പഞ്ചായത്ത് | 50000 |
| | | ആറന്മുള ഗ്രാമപ്പഞ്ചായത്ത് | 50000 |
| 119/2023 | ലൈഫ് ഭവന പദ്ധതി ജനറൽ - പഞ്ചായത്തുകൾക്ക് തുക നൽകൽ | കുളനട ഗ്രാമപ്പഞ്ചായത്ത് | 353680 |
| | | മെഴുവേലി ഗ്രാമപ്പഞ്ചായത്ത് | 305000 |
| | | ആറന്മുള ഗ്രാമപ്പഞ്ചായത്ത് | 305000 |
| | | തുമ്പമൺ ഗ്രാമപ്പഞ്ചായത്ത് | 70000 |
| | | പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്ത് | 315000 |
| 64/2023 | ലൈഫ് ഭവന പദ്ധതി എസ്.സി.പി - പഞ്ചായത്തുകൾക്ക് തുക നൽകൽ | കുളനട ഗ്രാമപ്പഞ്ചായത്ത് | 780000 |
| | | മെഴുവേലി ഗ്രാമപ്പഞ്ചായത്ത് | 750000 |
| | | ആറന്മുള ഗ്രാമപ്പഞ്ചായത്ത് | 750000 |
| | | പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്ത് | 750000 |
| 170/2023 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് - വിഹിതം നൽകൽ - പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്ത് | പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്ത് | 240000 |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 1-12 സെക്രട്ടറിയുടെ പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നത്

ശുചിത്വം, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ സെക്രട്ടറി മുഖേന നടപ്പിലാക്കുന്നതിനുവേണ്ടി ആവിഷ്കരിക്കപ്പെട്ട പ്രോജക്ടുകൾ നടപ്പായില്ല. ആർ ആർ എഫ്, എബിസി പദ്ധതികളാണ് നടപ്പാകാതെ ഫണ്ട് ലാപ്സായത്.

1. ബ്ലോക്ക് റിസോഴ്സ് റിക്കവറി ഫെസിലിറ്റി വിപുലീകരണം

അജൈവ മാലിന്യ സംസ്കരണത്തിനായി പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ആർ ആർ എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കാനായി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചതായിരുന്നു പ്രസ്തുത പ്രോജക്ട്.

2021-22ൽ ആവിഷ്കരിക്കപ്പെട്ടതും 850000രൂപ അടങ്കലുള്ളതുമായ നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല – ബ്ലോക്ക് ആർ ആർ എഫ് വിപുലീകരണം എന്ന പ്രോജക്ട് തൻവർഷം നടപ്പിലാക്കാൻ സാധിക്കാതെ സ്പിൽ ഓവറായി(127/2023). എന്നാൽ 2022-23 സാമ്പത്തിക വർഷം പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. ഇതു കൂടാതെ 300000രൂപ അടങ്കലുള്ള നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല – ബ്ലോക്ക് വിഹിതം നൽകൽ (161/2023) എന്ന പ്രോജക്ടും നടപ്പാക്കിയില്ല. രണ്ടു പ്രോജക്ടുകളിലായി വകയിരുത്തിയ 1150000രൂപ ലാപ്സായി.

2. തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനുള്ള എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ട് നടപ്പായില്ല. ഇതിനായി വകയിരുത്തിയ 300000രൂപ ലാപ്സായി. സംസ്ഥാനം ഒട്ടാകെ തെരുവുനായ ശല്യം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ, ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി യഥാസമയം നടപ്പാക്കാതിരുന്നതും 2023-24ലേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്താതിരുന്നതും വീഴ്ചയാണ്.

പൊതുജനങ്ങളുടെ ആരോഗ്യം, സുരക്ഷ എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## 1-13 പിഎംഎവൈ - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പിഎംഎവൈ പ്രകാരം ഭവന നിർമ്മാണത്തിന് 2022-23ൽ അഡ്വാൻസ് കൈപ്പറ്റിയ 34 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് മേൽവിലാസം | കൈപ്പറ്റിയ തുക | ഗഡുക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഗിരീഷ് ജി കുമാർ, ലക്ഷം വീട് , ഇടശേരിമല | 376000 | 5 |
| 2 | അഭിലാഷ് ബി, തന്നിക്കതിട്ട, പുളികുന്നിൽ | 48000 | 1 |
| 3 | തങ്കമണി മുരളി, പൂവൻ മോടിയിൽ, എരുമക്കാട് | 146000 | 2 |
| 4 | രമ ദേവി കെ കെ, കൊല്ലരിക്കൽ വടക്കേതിൽ, മാലക്കര | 376000 | 5 |
| 5 | കൃഷ്ണൻകുട്ടി ടി എൻ., തടത്തിൽ കിഴക്കേതിൽ | 146000 | 2 |
| 6 | സുജാത കേശവൻ, മോടിയിൽ കിഴക്കേതിൽ | 376000 | 5 |
| 7 | തങ്കമ്മ കെ, ചരിവുകാലയിൽ, നീർവിളാകം | 376000 | 5 |
| 8 | ബിന്ദു പി ടി, കുറ്റിയിൽ വീട്, എരുമക്കാട് | 328000 | 4 |
| 9 | ഓമന സി, പുത്തൻവീട്ടിൽ, കോട്ട | 112000 | 1 |
| 10 | റോസമ്മ തോമസ്, നേടിയകാലായിൽ | 376000 | 5 |
| 11 | ഓമന മാത്യു, ഉണ്ടിക്കാട്ടിൽ, നാൽക്കാലിക്കൽ | 328000 | 4 |
| 12 | കൊച്ചുകുഞ്ഞ്, കുഴിയിലെത്ത് തെക്കേതിൽ കുളനട | 160000 | 2 |
| 13 | മണി സോമരാജൻ, പേഴ്ലിൽകുന്നതിൽ, കിഴക്കേക്കര | 216000 | 3 |
| 14 | സന്തോഷ്, കളത്തിൽ, കൈപ്പുഴ നോർത്ത് | 98000 | 1 |
| 15 | സുലോചന, അനിൽ ഭവനം, ഉള്ളന്നൂർ | 48000 | 1 |
| 16 | സുധ, രാദുൽ ഭവനം, തുമ്പമൺ | 376000 | 5 |
| 17 | രജനി കെ ആർ, കല്ലൻമോടിയിൽ, ഇലവുംതിട്ട | 376000 | 5 |
| 18 | സംഗീത, ചെറിയതാവിട്ട പോയികയിൽ, ഉള്ളന്നൂർ | 376000 | 5 |
| 19 | മനു എ, ഹരിജൻ കോളനി,ബ്ലോക്ക് നം -13 | 118000 | 2 |

| | | | |
|---|---|---|---|
| 20 | ലത പി വി, പാറപ്പാട്ട്പള്ളത്ത്, മെഴുവേലി | 160000 | 2 |
| 21 | വർഷ, പുതുശേരിൽ, കാരിത്തോട്ട | 376000 | 5 |
| 22 | കുഞ്ഞുകുഞ്ഞമ്മ, വലിയകാലായിൽ, മെഴുവേലി | 376000 | 5 |
| 23 | റേയ്ച്ചൽ സാംകുട്ടി, പൂകൈതയിൽ, കൈപ്പുഴ നോർത്ത് | 376000 | 5 |
| 24 | പൂജ ടി ആർ, പറപ്പെട്ടി കുറ്റിയിൽ | 376000 | 5 |
| 25 | കുട്ടി, ലക്ഷം വീട്, പാറക്കര | 376000 | 5 |
| 26 | സരസമ്മ, കടലൂർ കിഴക്കേതിൽ, മാമ്മൂട് | 328000 | 4 |
| 27 | മണി കുഞ്ഞുമോൻ, ചരുവിളപടിഞ്ഞാറ്റേതിൽ | 328000 | 4 |
| 28 | ഉഷ കെ കെ, കൊയാട്ട്കുറ്റിയിൽ ,ഇടപ്പുര | 376000 | 5 |
| 29 | സുമ, കിഴക്കേഭാഗത്ത് പുത്തൻവീട്, മന്നംനഗർ | 118000 | 2 |
| 30 | രഞ്ജിത്ത്, രതീഷ് ഭവനം, മന്നംനഗർ | 230000 | 3 |
| 31 | സാവിത്രി, ചേന്നയിൽ കോളനി, വിജയപുരം | 376000 | 5 |
| 32 | അമ്മിണി ടി സി, ചൂണ്ടഴിയിൽ, ഉള്ളന്നൂർ | 376000 | 5 |
| 33 | ഷാജി ടി കെ, ഉണ്ടൻപ്ലാവിൽ, ഇലവുംതിട്ട | 376000 | 5 |
| 34 | സുജ, സുജ ഭവനം, ഇലവുംതിട്ട | 376000 | 5 |
| 35 | ലതിക പി, പുതുമഗലത്ത്, പൊങ്ങലടി | 376000 | 5 |

അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബ്ലോക്ക് പഞ്ചായത്തിന്റെ സജീവമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തുല്യതാ പഠനം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

ഹയർ സെക്കൻഡറി തുല്യതാ ഫീസ് (പ്രോജക്ട് നം.160/2023) എന്ന പ്രോജക്ട് പ്രകാരം പത്താംതരം തുല്യത കോഴ്സിനു രജിസ്റ്റർ ചെയ്തിട്ടുള്ള ആറ് പഠിതാക്കളുടെയും, ഹയർ സെക്കൻഡറി തുല്യത കോഴ്സിനു രജിസ്റ്റർ ചെയ്തിട്ടുള്ള പതിനാല് പഠിതാക്കളുടെയും കോഴ്സ് ഫീ ഇനത്തിൽ 46100രൂപ സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. പതിനാലാം പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) നം.842022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക8.6(17)പ്രകാരം ഗ്രാമപ്പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളുമാണ് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത സാഹചര്യത്തിലും സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങാതെയാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ആരോഗ്യ ഗ്രാന്റുപയോഗിച്ച് വാങ്ങിയ കമ്പ്യൂട്ടറുകൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല

പതിനഞ്ചാംധനകാര്യ കമ്മീഷൻ അനുവദിച്ച ആരോഗ്യ ഗ്രാന്റിൽനിന്ന് 157707 രൂപ വിനിയോഗിച്ച് തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് വാങ്ങിയ മൂന്നു കമ്പ്യൂട്ടറുകൾ നാളിതുവരെ കൈമാറിക്കൊടുത്തില്ല. അവ ബ്ലോക്ക് പഞ്ചായത്തിൽത്തന്നെ സൂക്ഷിച്ചിരിക്കുകയാണ്. സിഎച്ച്സിയിലെ ലാബിന്റെ പ്രവർത്തനത്തിനായിട്ടാണ് ഇവ വാങ്ങിയിട്ടുള്ളത്. ലാബിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്തതിനാലാണ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാതിരുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചു. വാങ്ങിയ കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കാതിരുന്നാൽ കേടാകാൻ സാധ്യതയുള്ളതിനാലും, വാറന്റി നഷ്ടപ്പെടുമെന്നുള്ളതിനാലും ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-16 പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ " പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി " എന്ന പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| അഭിജിത്ത്, പുത്തൻ പറമ്പിൽ | 125000 |

| | |
|---|---|
| ശംഭു, ഇറമ്പിൽ വീട് | 125000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പ്രോജക്ട് നടത്തിപ്പിനു കൈമാറിയ വിഹിതത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

ശിശുവികസന പദ്ധതി ഓഫീസർ പന്തളം 2 നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ, താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് നൽകിയ വിഹിതത്തിതിന് പൂർണ്ണമായും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇനിയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പർ / പേര് | വിഹിതം കൈപ്പറ്റിയ സ്ഥാപനം | കൈമാറിയ വിഹിതം |
|---|---|---|---|
| 1 | 107/2023 – ശിശു സൌഹാർദ്ദ അങ്കണവാടികൾ | മെഴുവേലി | 32160 |
| | | പന്തളം തെക്കേക്കര | 70000 |
| 2 | 33/2023 – അങ്കണവാടികളിലൂടെ പോഷകാഹാര വിതരണം | മെഴുവേലി | 299199 |
| 3 | 105/2023ശാരീരിക മാനസികവ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | മെഴുവേലി | 150000 |
| 4 | 106/2023 – ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ബ്ലോക്ക് വിഹിതം നൽകൽ | പന്തളം തെക്കേക്കര | 147391 |
| | | ആറന്മുള | 150000 |
| 5 | 44/2023 – പൂരക പോഷകാഹാര വിതരണം - ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | പന്തളം തെക്കേക്കര | 96446 |
| 6 | 85/2023 - ശാരീരിക മാനസികവ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | പന്തളം തെക്കേക്കര | 226600 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/27.06.2023) മറുപടിയായി, ബ്ലോക്ക് വിഹിതം കൈപ്പറ്റിയ സ്ഥാപനങ്ങളിൽനിന്ന് വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. നടപടികൾ പൂർത്തീകരിച്ച ശേഷം വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-18 പദ്ധതി നിർവ്വഹണം - വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല

പന്തളം ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയിൽ ഗണ്യമായ വിഹിതം ചെലവഴിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ടിന്റെ പേര് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|
| 1 | 130/2023 – കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (വനിത ജനറൽ) | 1150000 | 182940 |
| 2 | 143/2023 – കാലിത്തീറ്റ സബ്സിഡി (പട്ടികജാതി വനിത) | 500000 | 231180 |
| 3 | 150/2023 – മിനി ഡയറി ഫാം ആധുനികവൽക്കരണം (എസ്.സി.പി.വനിത) | 550000 | 88510 |

പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകി (13/27.06.2023). ടി പദ്ധതികൾക്ക് 23-24ൽ സ്പിൽ ഓവർ ആയി പദ്ധതി പൂർത്തീകരിച്ച് ഈ തുക പൂർണ്ണമായി ചെലവഴിക്കുന്നതാണ്. പ്രോജക്ടിൽ വകയിരുത്തുന്ന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 നിർമ്മാണം പൂർത്തീകരിച്ച ടോയ്‌ലറ്റ് കോംപ്ലക്സുകൾ ഉപയോഗക്ഷമമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഉമ്പമൺ, പന്തളം തെക്കേക്കര, മെഴുവേലി, ആറൻമുള ഗ്രാമപഞ്ചായത്തുകളിലായി നിർമ്മാണം പൂർത്തീകരിച്ച ടോയ്‌ലറ്റ് കോംപ്ലക്സുകൾ, വാട്ടർ കണക്ഷൻ, വൈദ്യുത കണക്ഷൻ എന്നിവ ലഭ്യമാക്കി ഉപയോഗക്ഷമമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | നിർമ്മാണം പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | മുട്ടം കോളനി എസ്.സി.നഴ്സറി സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം, ഉമ്പമൺ 7/23 | 270416 | 07/11/2022 |
| 2 | മിനി സ്റ്റേഡിയം പാറക്കര ടോയ്‌ലറ്റ് നിർമ്മാണം (പന്തളം തെക്കേക്കര), 8/23 | 279424 | 27/10/2022 |
| 3 | മെഴുവലി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ടോയ്‌ലറ്റ് നിർമ്മാണം, 5/23 | 263381 | 07/10/2022 |
| 4 | ജി.വി.എൽ.പി.എസ്, മെഴുവേലി ടോയ്‌ലറ്റ് നിർമ്മാണം-165/23 | 296671 | 21/03/2023 |
| 5 | എഫ്.എച്ച്.സി. മെഴുവേലി ടോയ്‌ലറ്റ് നിർമ്മാണം- 6/23 | 499347 | 19/12/2022 |
| 6 | ആറൻമുള പഞ്ചായത്തിലെ നീർവിളാകം ആയുർവേദാശുപത്രി ടോയ്‌ലറ്റ് നിർമ്മാണം, 1/2023 | 265344 | 16/12/2022 |
| | ആകെ | 1874583 | |

ഗ്രാമപഞ്ചായത്തുകളുടെ അനുമതിയുടെ അടിസ്ഥാനത്തിലാണ് ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് ടോയ്‌ലറ്റുകൾ നിർമ്മിച്ചത്. പ്ലംബിംഗ്, സാനിട്ടറി ഫിറ്റിംഗ്സ് എന്നിവ ഉൾപ്പടെയാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. എന്നാൽ നിർമ്മാണം പൂർത്തിയാക്കി ആറുമാസങ്ങൾക്കു ശേഷവും ടോയ്‌ലറ്റ് ബ്ലോക്കിലേക്കാവശ്യമായ ജലം, വൈദ്യുതി എന്നിവ എന്നിവ ലഭ്യമാക്കി ജനങ്ങൾക്ക് ഉപയോഗത്തിനായി നൽകുവാൻ സാധിച്ചിട്ടില്ല. ആസ്തികൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് 18/05/23-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്(1(3)). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(18/29.06.23) മറുപടിയായി ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ജലം, വൈദ്യുതി എന്നിവ ഉൾപ്പടെ ടോയ്ലറ്റ് കോംപ്ലക്സുകളുടെ തുടർപരിപാലനം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 നിർമ്മാണം പൂർത്തീകരിച്ചിട്ട് ഒരു വർഷം- ജൈവ മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഉമ്പമൺ, വല്ലന സി.എച്ച്.സികൾ എന്നിവിടങ്ങളിൽ തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 2021-22 വർഷം പ്രോജക്ട് ആവിഷ്കരിക്കുകയും സ്പിൽ ഓവർ പ്രോജക്ട് (135/23)പ്രകാരമുള്ള പ്രവൃത്തികൾ 07/06/22-ൽ പൂർത്തീകരിക്കുകയുമുണ്ടായി. ആകെ ചെലവ് 509741. മാലിന്യ സംസ്കരണ യൂണിറ്റുകളുടെ തുടർ പരിപാലനത്തിനായി ഹരിത കർമ്മസേനയെ ചുമതല ഏൽപ്പിച്ചുവെങ്കിലും വല്ലന സി.എച്ച്. സിയിലെ ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഓഡിറ്റ് തീയതിയിലും ആരംഭിച്ചിട്ടില്ല. ആർദ്രം മിഷൻ നടത്തിയ പരിശോധനയിലും സി.എച്ച്.സി-യിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുമെന്നും എക്സിറ്റ് മീറ്റിംഗിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. മാലിന്യ സംസ്കരണ സംവിധാനം പ്രവർത്തനക്ഷമമാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നുള്ള റിക്കവറി തുകകൾ ഒടുക്കിയിട്ടില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച മെഴുവേലി ജി.വി.എൽ.പി.എസ്.-ൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (165/23)എന്ന പ്രോജക്ടിന്റെ ബില്ലിൽ നിന്നും ജി.എസ്.റ്റി, ഇൻകം ടാക്സ് റ്റി.ഡി.എസ്. ഇനത്തിലും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിലും കുറവ് ചെയ്ത തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ

ഒടുക്കിയിട്ടില്ല. ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ഇനം | തുക |
|---|---|
| ജി.എസ്.റ്റി | 5030 |
| ഇൻകം ടാക്സ് | 2514 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 2514 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/01.07.23) റിക്കവറി തുകകൾ അടിയന്തിരമായി ഒടുക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 ടെണ്ടർ ഫീസ്- ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുക കൈമാറിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം ശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 40572025118- എസ്.ബി.ഐ., കുളനട) 31.03.2023-ലെ നീക്കിയിരിപ്പ് 125638 രൂപയാണ്. ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 ആശുപത്രി മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വല്ലന, തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ആശുപത്രി മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി ഓഡിറ്റിന് വിധേയമാക്കുന്നില്ല. ഇരു സ്ഥാപനങ്ങളിലെയും 2018-19വരെയുള്ള ഓഡിറ്റ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. 2019-20വർഷം മുതലുള്ള ധനകാര്യ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക്, മേൽപ്പറഞ്ഞ ആശുപത്രി മാനേജിംഗ് കമ്മറ്റികളുടെ ചെയർപേഴ്സൺ കൂടിയായ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 25/2023 കല്യാണിക്കൽ പടി -പറന്തൽ വലിയതോട് പൈപ്പ്ലൈൻ നീട്ടൽ | 542000 | 0 | 542000 |
| | 26/2023 പഴമണ്ണിൽപടി -കോശക്കുഴി കൊട്ടാരത്തിൽപ്പടി പൈപ്പ്ലൈൻ നീട്ടൽ | 542125 | 0 | 542125 |
| | 28/2023 വഞ്ചിപ്പടി -വടക്കുംകുളം -പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ | 542025 | 0 | 542025 |
| | 61/22 - ബ്ലോക്ക് പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 1293000 | 0 | 1293000 |
| | 171/2023 കുടിവെള്ള പദ്ധതി- വാർഡ് 5- അനുബന്ധ സൌകര്യങ്ങൾ പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് | 200000 | 0 | 200000 |
| | 174/2023 തുമ്പമൺ പഞ്ചായത്ത് വാർഡ് 4 -വാട്ടർ ടാങ്ക് അറ്റകുറ്റ പണികൾ | 342100 | 0 | 342100 |
| PWD ഇലക്ട്രോണിക്സ് | 159/2023 സ്ത്രീ ശാക്തീകരണ കേന്ദ്രത്തിന് സൌണ്ട് സിസ്റ്റം | 257000 | 0 | 257000 |
| കെൽട്രോൺ | 167/2023 ബയോ മെട്രിക് പഞ്ചിങ് മെഷീൻ സ്ഥാപിക്കൽ | 26877 | 0 | 26877 |
| KSEB | 155/2023 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ ജനറൽ | 1193314 | 0 | 1193314 |
| | 149/23വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ - ജനറൽ | 1036819 | 0 | 1036819 |
| | 68/2023 വിവിധ ഡിവിഷനുകളിലെ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 375000 | 0 | 375000 |
| | 157/2023 സ്ട്രീറ്റ്ലൈൻ എക്സ്റ്റെൻഷൻ എസ് സി പി | 1090085 | 0 | 1090085 |
| GWD | 169/2023 ആറന്മുള ഗ്രാമ പഞ്ചായത്ത് വാർഡ് 12 ൽ എരുമക്കാട് ഭ്രരഹിത കോളനിയിൽ കുടിവെള്ള പദ്ധതി | 300000 | 0 | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ട്രഷറിയിൽ പണം ഒടുക്കിയ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-8 | 3000 | ശ്രീമതി രേഖ അനിൽ, പ്രസിഡന്റ് | 21.04.2022 |
| 2020-21 | 1-12 | 14069 | ശ്രീ സജിത്ത് കെ, കരാറുകാരൻ | 19.04.2022 |
| 2020-21 | 1-12 | 6417 | ശ്രീ സജിത്ത് കെ, കരാറുകാരൻ | 29.04.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2007-08 | 3.20.1 | പ്രീ-മെട്രിക്ക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത് | പരാമർശം നിലനിൽക്കുന്നു |
| 2004-05 | 2-3 | 2007-08 | 3.20.2 | സ്കൂൾ ലൈബ്രറികൾ, ഐ.റ്റി.സി എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89488703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80427229 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കുളനട ബ്ലോക്ക് പഞ്ചായത്ത്

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി5- 26/00തീയതി 9.5.2000 |
| 1999-00 | എൽ.എഫ്.പിറ്റിഎ.പി5- 594/00തീയതി 30.1.2001 |
| 2000-01 | എൽ.എഫ്.പിറ്റിഎ.പി5-571/02 തീയതി 3.2.2003 |
| 2001-02 | എൽ.എഫ്.പിറ്റിഎ.പി5-302/04 തീയതി 4.8.2004 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി6-788/06 തീയതി 8.2.2007 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി6- 1029/07തീയതി 7.5.2008 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി6-1030/07 തീയതി 12.5.2008 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി6-1031/07 തീയതി 12.5.2008 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി3-426/08 തീയതി 13.4.2009 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി3- 875/09തീയതി 23.3.2010 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി3- 943(എ)/11 തീയതി 31.12.2011 |
| 2009-10& 2010-11 | എൽ.എഫ്.പിറ്റിഎ.പി3- 943(ബി)/11 തീയതി 31.12.2011 |

പന്തളം ബ്ലോക്ക് പഞ്ചായത്ത്

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 2002-03 | എൽ.എഫ്.പിറ്റിഎ.പി6-389/06 തീയതി 31.1.2007/7.7.08 | 2 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി5-692/07 തീയതി 22.1.2008/8.2.08 | 1 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി5-763/07 തീയതി 26.3.2008 | 14 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി5-764/07 തീയതി 25.3.2009 | 29 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി5-527/08 തീയതി 25.3.2009 | 29 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി3- 874/09 തീയതി 7.4.2010 | 16 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി2-31/11 തീയതി 4.10.2011 | 12 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി2- 256/13 തീയതി 8.10.2013 | 17 |

| | | |
|---|---|---|
| 2011-12 & 2012-13 | എൽ.എഫ്.പിറ്റിഎ.പി2- 224/14 തീയതി 5.6.2014 | 11 |
| 2013-14 | കെ.എസ്.എ.പിറ്റിഎ.പി13-555/16 തീയതി 2.6.2017 | 12 |
| 2014-15 | കെ.എസ്.എ.പിറ്റിഎ.പി13-1019/16 തീയതി 20.9.2016 | 4 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി13-194/17 തീയതി 10.5.2017 | 4 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി12-1323/18 തീയതി 7.12.2018 | 8 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി12-324/19 തീയതി 20.5.2019 | 17 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി12-854/19 തീയതി 20.5.2019 | 14 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി12-931/21 തീയതി 3.2.2022 | 7 |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി12-932/21 തീയതി 3.2.2022 | 11 |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി12-251/2023 തീയതി 28.03.2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 19-06-2023 and submitted on 21-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the PANDALAM Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of PANDALAM Block Panchayat for the year 2022-2023

Date: 16/10/2023

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of PANDALAM Block Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.Deposit amounts under various heads do not tally with the amounts in the respective bank accounts.

2.Deposit register not prepared and maintained. Therefore it was not possible to verify the accuracy of various deposits, annual transactions and balances.

3.Income Tax and GST amounts are not settled. There are no documents to verify the correctness of the amount.

4.Amounts advanced to various agencies for investment works received utilization certificates have not been transferred to the respective assets. Therefore, the accuracy of the amounts is not guaranteed.

5.There are no documents required to verify the accuracy of the amounts in the items of Temporary advance for official purpose and Advance to implementing officers.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്